**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 
**ചോദ്യം നമ്പർ: 1571**

**16.03.2015 - ൽ** 
**മറുപടിക്ക്**

**പരമ്പരാഗത വിത്ത് സംരക്ഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. കെ. പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനും ഇവ ഉപയോഗിച്ചുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>ബി) പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ? | എ) & ബി) | കേരളത്തിലെ പ്രത്യേക നെല്ലിനങ്ങളായ ഞവര, ജീരകശാല, ഗന്ധകശാല, പൊക്കാളി, ഇനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിലായി 2000 ഹെക്ടറിൽ പ്രത്യേക നെല്ലിനങ്ങളായ ഞവര, ജീരകശാല, ഗന്ധകശാല, പൊക്കാളി, ഇനങ്ങൾ 2014-15 വർഷം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കർഷകർക്ക് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. കൂടാതെ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലായി ആർ.കെ. വി. വൈ. പദ്ധതിയിലൂടെ 696.5 ഹെക്ടർ പ്രദേശത്ത് പൊക്കാളി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു. കൂടാതെ പൊക്കാളി വിത്തുകൾ കർഷകരിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടികൾ കേരളസംസ്ഥാന വിത്തു വികസന അതോറിറ്റി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**